**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **05-08-2021 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പ്രാദേശിക മാദ്ധ്യമ പ്രവർത്തകരുടെ ദീർഘകാല ആവശ്യമായ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പത്ര-ദൃശ്യ – ഓൺലൈൻ അച്ചടി മാധ്യമങ്ങളിൽ ലേഖകർ ആയി പ്രവർത്തിക്കുന്നവർ പല തൊഴിലുകളിൽ ഒന്നു മാത്രമായി പ്രാദേശിക പത്രപ്രവർത്തനം നിർവഹിക്കുന്നവരാണ്. ആയതിനാൽ ഇവർക്കായി നടപ്പിലാക്കാൻ ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിയ്ക്ക് പകരമായി താഴെ പറയുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ‘2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02.02.2016 ലെ ജി.ഒ(പി)നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. 19/08/2019 ലെ സ.ഉ(സാധാ)നം.1005/2019/തൊഴിൽ പ്രകാരം പ്രസ്തുത പദ്ധതിയിൽ പ്രാദേശിക പത്രപ്രവർത്തകർക്കും അംഗങ്ങളായി ചേരാൻ കഴിയും. ഈ ക്ഷേമനിധി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഈ പദ്ധതിയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി ലഭിക്കും. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | പത്ര-ദൃശ്യ – ഓൺലൈൻ അച്ചടി മാധ്യമങ്ങളിൽ ലേഖകർ ആയി പ്രവർത്തിക്കുന്നവർ പല തൊഴിലുകളിൽ ഒന്നു മാത്രമായി പ്രാദേശിക പത്രപ്രവർത്തനം നിർവഹിക്കുന്നവരാണ്. ആയതിനാൽ ഇവർക്കായി നടപ്പിലാക്കാൻ ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിയ്ക്ക് പകരമായി താഴെ പറയുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. '2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02.02.2016 ലെ ജി.ഒ(പി)നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. 19/08/2019 ലെ സ.ഉ(സാധാ)നം.1005/2019/തൊഴിൽ പ്രകാരം പ്രസ്തുത പദ്ധതിയിൽ പ്രാദേശിക പത്രപ്രവർത്തകർക്കും അംഗങ്ങളായി ചേരാൻ കഴിയും. ഈ ക്ഷേമനിധി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഈ പദ്ധതിയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി ലഭിക്കും. |

സെക്ഷൻ ഓഫീസർ